കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യങ്ങളിൽ ആരെക്കാളും താൽപ്പര്യം എടുത്തിരിക്കുന്ന സാഹചര്യത്തിൽ തിരുവനന്തപുരത്തിന്റെ വികസനത്തിന് പ്രധാന ഘടകം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ വികസനം കൂടിയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഈ രണ്ട് ജില്ലകളിലെ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള ആളുകളെ സംഘടിപ്പിച്ചുകൊണ്ടുള്ള ഉന്നത നിലവാരത്തിലുള്ള ഒരു കോൺഫറൻസ് വിളിക്കൻ മുൻകയ്യെടുക്കുമോ ?

ശ്രീ. പി. ശങ്കരൻ : സർ, തിരുവനന്തപുരം ജില്ലയിലെ എം.എൽ.എ. മാരൊക്കെ ഇക്കാര്യത്തിൽ ബന്ധപ്പെടുന്നുണ്ട്. എം.എൽ.എ. സ്കീമിൽ അവർക്ക് നൽകാവുന്ന ഫണ്ട് നൽകാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. അതുപോലെ മറ്റ് പല സംഘടനകളുടേയും യോഗം വിളിച്ചുകൂട്ടി അവരോടും സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. എം.എൽ.എ.-മാരുടെ സഹായമാണ് ഞാൻ പ്രതീക്ഷിക്കുന്നത്. മുഖ്യമന്ത്രി ഇക്കാര്യത്തിൽ വളരെയധികം തൽപ്പരനാണ്. അദ്ദേഹം കൂടെക്കൂടെ ഇക്കാര്യത്തെക്കുറിച്ച് അന്വേഷിക്കാറുമുണ്ട്. മറ്റ് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട എം.എൽ.എ.-മാർ ഈ ആവശ്യത്തിനായി മുഖ്യമന്ത്രിയെ വിളിക്കുകയാണെങ്കിൽ വളരെയധികം തിരക്ക് ഉള്ളതുകൊണ്ട് അദ്ദേഹത്തെ ഇക്കാര്യത്തിൽ ബുദ്ധിമുട്ടിക്കണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല. ആരോഗ്യ വകുപ്പുമന്ത്രി തന്നെ ഇക്കാര്യത്തിൽ യോഗം വിളിച്ചുകൂട്ടി വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. അത് മതിയാകാത്തപക്ഷം എം.എൽ.എ.- മാർക്ക് മുഖ്യമന്ത്രിയെ സമീപിക്കാം.

IV സബ്മിഷൻ

(1) സി.പി.ഐ. (എം) വിശദീകരണയോഗത്തിൽ നടന്നതായി പറയുന്ന ബി.ജെ.പി. അതിക്രമങ്ങൾ

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : സർ കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാടിന് അടുത്തുള്ള അമ്പലത്തറയിൽ സി.പി.എം.-ന്റെ പോളിറ്റ്ബ്യൂറോ അംഗവും മുൻ മുഖ്യമന്ത്രിയുമായിരുന്ന സഖാവ്. ശ്രീ. ഇ.കെ. നായനാർ പങ്കെടുത്ത സി.പി.എം. പൊതുയോഗം അലങ്കോലപ്പെടുത്താൻ ബി. ജെ. പി., ആർ. എസ്. എസ്. അക്രമിസംഘം ശ്രമിച്ച അങ്ങേയറ്റം ഹീനമായ സംഭവം ഇന്നലെ നടന്നിരിക്കുകയാണ്. മാരകായുധങ്ങളുമായി ഒരു സംഘം ബി.ജെ.പി., ആർ.എസ്.എസ്. പ്രവർത്തകർ സി.പി.എം. യോഗത്തിലേക്ക് ഇരമ്പിക്കയറുകയാണുണ്ടായത്. ജനങ്ങൾ തന്നെ ഇവരെ പിടികൂടിയെങ്കിലും ഈ ക്രിമിനൽ സംഘത്തിലെ ഒരാളെ മാത്രം അറസ്റ്റ് ചെയ്തു. മറ്റ് നാലുപേരെയും രക്ഷപ്പെടുത്താൻ വേണ്ട വഴിയൊരുക്കുകയാണ് പോലീസ് ചെയ്തത്. ഈ പ്രദേശത്തുള്ള ബി.ജെ.പി. ക്രിമിനൽ സംഘത്തെ പോലീസിന് ഭയമാണ് എന്നുള്ളതാണ് യഥാർത്ഥ വസ്തുത. യോഗം കഴിഞ്ഞ് പ്രവർത്തകർ മടങ്ങിപ്പോകുകയായിരുന്ന വാഹനങ്ങൾക്കുനേരെ അക്രമം നടന്നു. സി.പി.എം. ഓഫീസ് പൂർണ്ണമായും തകർന്നു. ഇത് ഒറ്റപ്പെട്ട സംഭവമല്ല. കാഞ്ഞങ്ങാടിന്റെ സമീപ പ്രദേശങ്ങളിലെ ബി.ജെ.പി./ആർ.എസ്.എസ്. കേന്ദ്രങ്ങൾ ബി.ജെ.പി.

LIBRARY ARCHIVES Kerala Legislative Assembly

അധിനിവേശപ്രദേശം പോലെയാണ് പ്രവർത്തിക്കുന്നത്. സി.പി.എം.-ന്റെ മാത്രമല്ല മറ്റ് പാർട്ടികളുടേയും പ്രവർത്തനങ്ങളെയും പ്രവർത്തകരെയും ആക്രമിക്കുക ഇവിടെ നിത്യസംഭവമായിരിക്കുകയാണ്. കോൺഗ്രസിന്റെ മണ്ഡലം പ്രസിഡന്റ് ശ്രീ. വിനോദിനെ ഏതാനും മാസങ്ങൾ മുൻപാണ് ബി.ജെ.പി.ക്കാർ അതിപൈശാചികമായി ആക്രമിച്ച് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. നിരന്തരം ഇത്തരം ആക്രമങ്ങൾ നടക്കുകയാണ്. കെ.പി.സി.സി.-യുടെ ജനറൽ സെക്രട്ടറി ശ്രീ. കെ.പി. കുഞ്ഞിക്കണ്ണൻ ഈയിടെ പങ്കെടുത്ത കോൺഗ്രസ് യോഗം അലങ്കോലപ്പെടുത്താനുള്ള ശ്രമവും ബി.ജെ.പി. നടത്തി. ഇതിനെത്തുടർന്ന് വലിയ സംഘർഷം അവിടെ നടക്കുകയാണ്. സി.പി.എം.-ന് നേരെ അക്രമം അഴിച്ചുവിടുന്ന ഈ ക്രിമിനൽ സംഘത്തെ പോലീസ് ഭയപ്പെടുകയാണ്. കുറ്റവാളികളെ അറസ്റ്റ് ചെയ്യാൻ തയ്യാറാകണം. ഒരു കാര്യം പരസ്യമായി പറയുകയാണ്. കാസർഗോഡ് ജില്ലയിലെ എം.എൽ.എ.-മാരായ ശ്രീ. സി. ടി. അഹമ്മദ് അലിയും ശ്രീ. കെ. വി. കുഞ്ഞിരാമനും ഞാനും പങ്കെടുത്ത ദേശീയോദ്ഗ്രഥന സമിതി യോഗത്തിലടക്കം പല വർഗ്ഗീയ പ്രസംഗങ്ങളിലും ഇത്തരം ഒരു നിലപാട് ബി.ജെ.പി. പരസ്യമായി എടുക്കുകയാണ്. ഇതിന് പോലീസ് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻതന്നെ മാസങ്ങൾക്ക് മുമ്പ് നിവേദനം കൊടുത്തു. ഈ നിയമസഭയിൽ രേഖാമൂലം ചോദ്യം ചോദിച്ചു. ഇന്നേവരെ അതിന് മറുപടി ലഭിച്ചില്ല. സംസ്ഥാനത്ത് ബി.ജെ.പി. ബന്ത് നടത്തിയപ്പോൾ ആരുടെ പേരിലും കേസ് എടുത്തില്ല. എൽ.ഡി.എഫ്. ബന്ത് നടത്തിയപ്പോൾ എൽ.ഡി.എഫ്.-ന്റെ സംസ്ഥാന കൺവീനർ ശ്രീ. പാലൊളി മുഹമ്മദ് കുട്ടിയെ രണ്ടാം പ്രതിയാക്കി കേസെടുത്തിരിക്കുകയാണ്. അതാണ് സമീപനം. കാസർഗോഡ് ജില്ലയിൽ ബി.ജെ.പി.യെയും ആർ.എസ്.എസിനെയും പോലീസിന് ഭയമാണ്. ഇതിന്റെ ഫലമായിട്ടാണ് സമുന്നത നേതാവ് പങ്കെടുത്ത സി.പി.ഐ.(എം.) യോഗം അലങ്കോലപ്പെടുത്താൻ ശ്രമിച്ചത്. അവിടെ സംഘർഷം നിലനിൽക്കുകയാണ് ഇക്കാര്യത്തിൽ സർക്കാർ അതിശക്തമായി ഇടപെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): സർ, കാസർഗോഡ് ജില്ലയിലെ അമ്പലത്തറയിൽ 28-7-2003-ന് വൈകിട്ട് 5.00 മണിക്ക് സി.പി.ഐ.(എം)-ന്റെ വിശദീകരണയോഗം നടന്നു. സി.പി.ഐ. (എം) പോളിറ്റ് ബ്യൂറോ അംഗം ശ്രീ. ഇ.കെ. നായനാർ യോഗം ഉദ്ഘാടനം ചെയ്തു. യോഗം നടക്കവേ യോഗസ്ഥലത്ത് നിന്നിരുന്ന 4 ബി.ജെ.പി. പ്രവർത്തകരുമായി സി.പി.ഐ. (എം) പ്രവർത്തകർ വാക്കുതർക്കത്തിലേർപ്പെടുകയും ഉന്തുംതള്ളുമുണ്ടാവുകയും പരസ്പരം ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്തു. യോഗം അവസാനിച്ചതിനുശേഷം പ്രവർത്തകർ മടങ്ങിപ്പോയ വാഹനങ്ങൾക്കുനേരെ മൂന്നാംമൈൽ, മാവുങ്കൽ എന്നിവിടങ്ങളിൽവച്ച് കല്ലേറുണ്ടായി. അതിൽ പ്രതിഷേധിച്ച് ഹരിപുരത്തുള്ള ബി.ജെ.പി. ഓഫീസിന് സി.പി.ഐ. (എം). പ്രവർത്തകർ കേടുപാടുവരുത്തുകയും അവിടത്തെ കൊടിമരം നശിപ്പിച്ചതായും പരാതിയുണ്ട്. കൂടാതെ ബി.ജെ.പി. പ്രവർത്തകനായ രാമകൃഷ്ണന്റെ കോട്ടച്ചേരി ബസാറിലുള്ള തുണിക്കടയുടെ ചില്ലുകൾ തകർത്തതായും പരാതിയുണ്ട്. ബി.ജെ.പി. പ്രവർത്തകർ മാവുങ്കലുള്ള സി.പി.ഐ (എം)ന്റെ ഓഫീസ് വാതിൽ ചവിട്ടിപ്പൊളിച്ച് അകത്തുകടന്ന് ഫർണിച്ചറുകൾ നശിപ്പിച്ചു. ഈ സംഭവങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളിൽ ഹോസ്ദുർഗ് പോലീസ് സി.പി.ഐ. (എം) പ്രവർത്തകർക്കെതിരെ 2 കേസുകളും ബി.ജെ.പി. പ്രവർത്തകർക്കെതിരെ 2 കേസുകളും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. സ്ഥലത്ത് സുശക്തമായ പോലീസ് പിക്കറ്റ് ഏർപ്പെടുത്തിയിട്ടുണ്ട് ; പട്രോളിംഗും ശക്തമാക്കുന്നതാണ്. ഇതാണ് അവിടെ സംഭവിച്ചതായി എനിക്ക് കിട്ടിയിട്ടുള്ള റിപ്പോർട്ട്. രണ്ടുകൂട്ടർക്കെതിരേയും കേസെടുത്തിട്ടുണ്ട്. താങ്കൾ പറഞ്ഞതുപോലെയല്ല സംഭവം നടന്നത് എന്നാണ് എനിക്ക് കിട്ടിയ റിപ്പോർട്ട്.

(2) മട്ടന്നൂർ നഗരസഭ വിഭജിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നതായുള്ള പത്രവാർത്ത

ശ്രീ. ടി.കെ. ബാലൻ : സർ, കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയെ മട്ടന്നൂർ ടൗൺ പഞ്ചായത്തും, പൊറോറ, കോളാരി എന്നീ ഗ്രാമപഞ്ചായത്തുകളുമാക്കാനുള്ള ശ്രമങ്ങൾ ഗവൺമെന്റ് ഭാഗത്തുനിന്നും ആരംഭിച്ചതായി പത്രവാർത്ത വന്നിരിക്കുന്നു. മാത്രമല്ല, യു.ഡി.എഫ്.-ന്റെ പ്രാദേശിക സമിതിയും ഇത്തരത്തിലുള്ള ഒരു പ്രമേയം അംഗീകരിച്ചതായി മനസ്സിലാക്കുന്നു. ജനാഭിലാഷങ്ങൾക്കനുസരിച്ച് രൂപീകരിക്കപ്പെട്ട മട്ടന്നൂർ മുനിസിപ്പാലിറ്റിയെ ഇങ്ങനെ വിഭജിക്കുന്ന കാര്യം സംബന്ധിച്ച് ഗവൺമെന്റ് വല്ല നിലപാടും കൈക്കൊണ്ടിട്ടുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) : സർ, കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയെ വിഭജിക്കാൻ ആലോചിക്കുന്നതായ വാർത്ത 2003 ജൂലൈ മാസം 4-ാം തീയതിയിലെ മാതൃഭൂമി ദിനപ്പത്രത്തിന്റെ പ്രാദേശിക കോളത്തിൽ വന്നിരുന്നു. മട്ടന്നൂർ നഗരസഭയെ വിഭജിക്കാനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(3) ഏനാത്ത് പോലീസ് സ്റ്റേഷൻ അനുവദിക്കാൻ നടപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അടൂർ നിയോജകമണ്ഡലത്തിലെ പോലീസ് സ്റ്റേഷൻ കേരളത്തിലെ ഏറ്റവും കൂടുതൽ വിസ്തൃതിയുള്ള ഒരു പോലീസ് സ്റ്റേഷനാണ്. രണ്ട് ജില്ലകളുടെയും രണ്ട് കോൺസ്റ്റിറ്റ്യുവൻസികളുടെയും ബോർഡറിലായതുകൊണ്ട് രണ്ട് ജില്ലകളിലേയും ക്രിമിനലുകൾ രണ്ട് ജില്ലകളുടെയും end-ൽ വന്ന് കുഴപ്പമുണ്ടാക്കുന്നു. ഇവിടെ 27 പോലീസുകാർ മാത്രമേയുള്ളൂ. ക്രിമിനൽസിനെ അമർച്ച ചെയ്യാൻ നിലവിലുള്ള സംവിധാനം അപര്യാപ്തമാണ്. ഏനാത്ത് കേന്ദ്രീകരിച്ച് ഒരു പോലീസ് സ്റ്റേഷന് പ്രൊപ്പോസലുണ്ട്. ഗവൺമെന്റ് അത് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളുടെ മുൻഗണനാലിസ്റ്റ് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽപ്പെട്ട ഏനാത്ത് നിലവിലുള്ള ഔട്ട് പോസ്റ്റ് അപ്ഗ്രേഡ് ചെയ്ത് പോലീസ് സ്റ്റേഷനാക്കുന്നതിനായി പോലീസ് ഡയറക്ടർ ജനറലിൽനിന്ന് മുൻഗണനാക്രമത്തിൽ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക്, ധനലഭ്യതയനുസരിച്ച് പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly